# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2054

04.11.2019-ൽ മറുപടിക്ക്

## തീരദേശ പരിപാലന നിയമം ലംഘിച്ച കെട്ടിടങ്ങൾ

**ചോദ്യം**

ശ്രീ.അൻവർ സാദത്ത്

**ഉത്തരം**

പിണറായി വിജയൻ

(മുഖ്യമന്ത്രി)

(എ) തീരദേശ പരിപാലന നിയമം ലംഘിച്ച് മരടിൽ ഫ്ലാറ്റുകൾ നിർമ്മിക്കുവാനുണ്ടായ സാഹചര്യം സംബന്ധിച്ചുള്ള ക്രൈംബ്രാഞ്ച് അന്വേഷണം ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ;

(എ) കേസുകളുടെ അന്വേഷണം പ്രാരംഭ ഘട്ടത്തിലാണ്. അന്വേഷണത്തിന്റെ ഭാഗമായി മരട് മുൻസിപ്പാലിറ്റി ഓഫീസിൽ നിന്നും, ബന്ധപ്പെട്ട കമ്പനികളുടെ ഓഫീസിൽ നിന്നും ശേഖരിച്ച രേഖകൾ പരിശോധിച്ചും മറ്റും അന്വേഷണം നടത്തിയിട്ടുള്ളതാണ്. തീരദേശ പരിപാലന നിയന്ത്രണ നോട്ടിഫിക്കേഷൻ പരിഗണിക്കാതെ 2006, 2007 കാലഘട്ടത്തിൽ ഫ്ലാറ്റു നിർമ്മാതാക്കൾക്ക് ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുക വഴി മരട് പഞ്ചായത്തിലെ പ്രസ്തുത കാലഘട്ടത്തിലെ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും കുറ്റകരമായ വീഴ്ചയുണ്ടായി എന്ന് വ്യക്തമായതിനാൽ അവരെ കേസിന്റെ പ്രതിപട്ടികയിൽ ചേർത്തിട്ടുള്ളതും, സെക്ഷൻ 120(B) IPC, അഴിമതി നിരോധന നിയമത്തിലെ സെക്ഷൻ 13(1)(d), 13(2) of Prevention of Corruption Act 1988 എന്നീ കുറ്റവകുപ്പുകൾ കൂട്ടിച്ചേർത്തിട്ടുള്ളതുമാണ്.

(ബി) ഹോളി ഫെയ്ത്ത്, എച്ച്.ടു.ഒ,ആൽഫ ഫെറിൻ, ജെയിൻ കോറൽ റീഫ് എന്നീ ഫ്ലാറ്റ് നിർമ്മാതാക്കളുടെ ഓഫീസുകളിൽ നടത്തിയ റെയ്ഡിൽ ഫ്ലാറ്റുകൾക്ക് യു.എ.നമ്പർ ലഭിക്കുവാനുണ്ടായ സാഹചര്യം സംബന്ധിച്ച രേഖകൾ ലഭിച്ചിട്ടുണ്ടോയെന്നറിയിക്കാമോ;

(ബി) ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ ബഹു.കേരള ഹൈക്കോടതിയുടെ താൽക്കാലിക ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് UA No.നൽകിയത് എന്നാണ് കാണുന്നത്.

(സി) സി.ആർ.ഇസഡ് 3 ൽ സ്ഥിതി ചെയ്യുന്ന പ്രസ്തുത ഫ്ലാറ്റുകൾക്ക് സി.ആർ.ഇസഡ് 2 എന്ന് രേഖപ്പെടുത്തി മരട് പഞ്ചായത്ത് രേഖ നൽകിയതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) ഇതുവരെയുള്ള അന്വേഷണത്തിൽ രേഖകൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

(ഡി) ഈ കേസിൽ നിലവിൽ എത്ര പേർക്കെതിരെ കേസെടുത്തു; ആരൊക്കെയാണ് അറസ്റ്റ് ചെയ്തിട്ടുള്ളത്; വിശദാമാക്കാമോ?

(ഡി) **(I) ക്രൈം നമ്പർ 471/CB CU-II/EKM/R/ 2019 (പനങ്ങാട് പി.എസ്.ക്രൈം.1108/ 2019)** എന്ന കേസിൽ 5 പേരാണ് പ്രതിപ്പട്ടികയിലുള്ളത്.

1. സന്ദീപ് മേത്ത (Age 50/19),

മാനേജിംഗ് ഡയറക്ടർ ജേയിൻ
ഹൗസിംങ്ങ് ആന്റ് കൺസ്ട്രക്ഷൻ
ലിമിറ്റഡ്, സോമസുന്ദരം സ്ട്രീറ്റ്, ടി നഗർ
ചെന്നൈ.

2. നവീൻ (Age 40/19), S/o രഘുനാഥൻ, 6-C, ആസ്റ്റർ അവന്യൂ അപ്പാർട്ട്മെന്റ്, സൗത്ത് പൊന്നേത്ത് റോഡ്, കടവന്ത്ര, എറണാകുളം
3. മുഹമ്മദ് അഷ്റഫ് (Age 59/19), S/o എ.ആർ.മുഹമ്മദ് ഇസ്മയിൽ, പുളിമൂട്ടിൽ നോർത്ത് വീട്, അലി മുഹമ്മദ് റോഡ്. ബസാർ പി.ഒ, ആലപ്പുഴ (മുൻ സെക്രട്ടറി, മരട് പഞ്ചായത്ത്).
4. പി.ഇ.ജോസഫ് (Age 65/19), S/o പി.കെ.ഈശി, എഴുപുന്നകരയിൽ പുതുപറമ്പത്തു വീട്, എഴുപുന്ന പി.ഒ, ആലപ്പുഴ (മുൻ ജൂനിയർ സൂപ്രണ്ട്, മരട് പഞ്ചായത്ത്)
5. ജയറാം നായിക് (Age 54/19), S/o ജി.രാജരത്ന നായിക്, തേരകത്ത് പറമ്പിൽ, കുത്തിയതോട് വില്ലേജ്, ചേർത്തല താലൂക്ക്, ആലപ്പുഴ ജില്ല (മുൻ ക്ലാർക്ക്, മരട് പഞ്ചായത്ത്)

ടി കേസിലെ 3 ഉം 4 ഉം പ്രതികളെ അറസ്റ്റു ചെയ്തിട്ടുള്ളതും റിമാന്റിൽ കഴിഞ്ഞു വരുന്നതുമാണ്.

**(II) ക്രൈം നമ്പർ 472/CB CU-II/EKM/R/ 2019 (പനങ്ങാട് പി.എസ്.ക്രൈം.1109/ 2019)** എന്ന കേസിൽ 5 പേരാണ് പ്രതിപ്പട്ടികയിലുള്ളത്.

1. പോൾരാജ്, 26/2870A, പുത്തൻ പുരയ്ക്കൽ മനയത്ത് ലെയിൻ, തേവര (ഡയറക്ടർ, ആൽഫാ സെറീൻ അപ്പാർട്ടുമെന്റ്, ആൽഫാ വെഞ്ചേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്)
2. മുഹമ്മദ് അഷ്റഫ് (Age 59/19), S/o എ.ആർ.മുഹമ്മദ് ഇസ്മയിൽ, പുളിമൂട്ടിൽ നോർത്ത് വീട്, അലി മുഹമ്മദ് റോഡ്, ബസാർ പി.ഒ, ആലപ്പുഴ (മുൻ സെക്രട്ടറി മരട് പഞ്ചായത്ത്)
3. പി.ഇ ജോസഫ് (Age 65/19), S/o പി.കെ.ഈശി, എഴുപുന്നകരയിൽ പുതുപറമ്പത്തു വീട്, എഴുപുന്ന പി.ഒ, ആലപ്പുഴ (മുൻ ജൂനിയർ സൂപ്രണ്ട് മരട് പഞ്ചായത്ത്)

4. ജയറാം നായിക് (Age 54/19), S/o ജി.രാജരത്ന നായിക്, തേരകത്ത് പറമ്പിൽ, കത്തിയതോട് വില്ലേജ്, ചേർത്തല താലൂക്ക്, ആലപ്പുഴ ജില്ല (മുൻ ക്ലാർക്ക്, മരട് പഞ്ചായത്ത്)
5. കെ.സി.ജോർജ് (Age 62/19) S/o കെ.കെ. ചെറിയാൻ, കടക്കച്ചിവീട്, 45, ടാഗോർ നഗർ, കടവന്ത്ര, കൊച്ചി-20.

കേസിലെ 2,3 പ്രതികളെ അറസ്റ്റ ചെയ്തിട്ടുള്ളതും, ഒന്നാം പ്രതി കോടതിയിൽ കീഴടങ്ങിയിട്ടുള്ളതും, 3 പ്രതികളും റിമാന്റിൽ കഴിഞ്ഞു വരുന്നതുമാണ്.

**(III) ക്രൈം നമ്പർ 473/CB CU-II/EKM/ R/2019 (മരട് പോലീസ് സ്റ്റേഷൻ ക്രൈം.1293/ 2019)** എന്ന കേസിൽ 4 പേരാണ് പ്രതിപ്പട്ടികയിലുള്ളത്.

1. സാനി ഫ്രാൻസിസ്, മാനേജിംഗ് ഡയറക്ടർ, ഹോളിഫെയ്ത്ത് ബിൽഡേഴ്സ് ആൻറ് ഡവലപ്പേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്.
2. മുഹമ്മദ് അഷ്റഫ് (Age 59/19), S/o എ.ആർ.മുഹമ്മദ് ഇസ്മയിൽ, പുളിമൂട്ടിൽ നോർത്ത് വീട്, അലി മുഹമ്മദ് റോഡ്, ബസാർ പി.ഒ,ആലപ്പുഴ ((മുൻ സെക്രട്ടറി മരട് പഞ്ചായത്ത്)
3. പി.ഇ ജോസഫ് (Age 65/19), S/o പി.കെ.ഈശി, എഴുപുന്നകരയിൽ പുതുപറമ്പത്തു വീട്, എഴുപുന്ന പി.ഒ, ആലപ്പുഴ (മുൻ ജൂനിയർ സൂപ്രണ്ട്, മരട് പഞ്ചായത്ത്)
4. ജയറാം നായിക് (Age 54/19), S/o ജി.രാജരത്ന നായിക്, തേരകത്ത് പറമ്പിൽ, കത്തിയതോട് വില്ലേജ്, ചേർത്തല താലൂക്ക്, ആലപ്പുഴ ജില്ല (മുൻ ക്ലാർക്ക്, മരട് പഞ്ചായത്ത്)

കേസിലെ 1,2,3 പ്രതികളെ അറസ്റ്റ ചെയ്തിട്ടുള്ളതും പ്രസ്തുത പ്രതികൾ റിമാന്റിൽ കഴിഞ്ഞു വരുന്നതുമാണ്.

സെക്ഷൻ ഓഫീസർ